"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – കോ ഓപ്പറേറ്റിവ് അക്കാഡമി ഒഫ് പ്രഫഷണൽ എഡ്യൂക്കേഷന് (കേപ്പ്) ധനസഹായം അനുവദിക്കുന്നത് - മൂന്നാം ഗഡു തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.129/2026/Co-Op തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-
1. സ.ഉ (സാധാ) നം. 225/2025/സഹ തീയതി 05/05/2025
2. സ.ഉ(സാധാ) നം.397/2025/സഹ തീയതി 30/08/2025
3. 19/02/2026 ലെ കേപ്പ് ഡയറക്ടറുടെ CAPEHO/498/2024 A(ACC2) 386 നം.കത്ത്
4. സർക്കുലർ നം.35/2024/ധന തീയതി 12/06/2024.

**ഉത്തരവ്**

2025-26 സാമ്പത്തികവർഷത്തിൽ 2425-00-108-47-31 (NP) നോൺ പ്ലാൻ ശീർഷകത്തിൽ കേപ്പിനുള്ള ശമ്പളയിനത്തിൽ തുക അനുവദിക്കുന്നതിനായി 4.6689 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേപ്പിലെ ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യുന്നതിനായി 2425-108-47-31 (NP) ശീർഷകത്തിൽ നിന്നും 186,74,000/-രൂപ രണ്ടു ഗഡുക്കളായി 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് പരാമർശം (1,2) ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച്, കേപ്പിലെ ജീവനക്കാരുടെ 2026 - ഫെബ്രുവരി മാസത്തെ ശമ്പളം വിതരണം ചെയ്യുന്നതിനായി 2025-26 ലെ ഗ്രാന്റ്- ഇൻ- എയ്ഡ് (നോൺ പ്ലാൻ) തുകയിൽ അവശേഷിക്കുന്ന തുകയായ 280,15,000/- രൂപ ,"2425-00-108-47-31 (NP)" എന്ന ശീർഷകത്തിൽ

ഒറ്റത്തവണയായി അനുവദിച്ചു നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാർമശം (3) കത്ത് പ്രകാരം കേപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേപ്പിലെ ജീവനക്കാർക്ക് 2026 ഫെബ്രുവരി മാസത്തെ ശമ്പളം വിതരണം ചെയ്യുന്നതിനായി 2425-00-108-47-31 (NP) ശീർഷകത്തിൽ നിന്നും മൂന്നാം ഗഡുവായി 1,00,00,000/-രൂപ (ഒരു കോടി രൂപ മാത്രം) 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (4) സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട്, മേൽ തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/75/2025/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി. (ബി3/67/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by

Priyanka T V

Date: 06-03-2026 17:01:34

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.